# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 872      30/10/2019-ൽ മറുപടിയ്ക്ക്

## എസ്.ടി. കോർപ്പസ് ഫണ്ട്

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ. കെ. കുഞ്ഞിരാമൻ:** | | **എ.കെ.ബാലൻ**<br>**(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി)** | |
| (എ) | കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജക മണ്ഡലത്തിൽ എസ്.ടി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി എത്ര കോളനികളിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്;<br><br>വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എസ്.ടി. കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി കാസർഗോഡ് ജില്ലയിലെ ഉദുമ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനിയിലേയ്ക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് ഭരണാനുമതി നൽകിയവയുടെ വിശദവിവരം ചുവടെ ചേർക്കുന്നു. |

| വർഷം | പദ്ധതി | പഞ്ചായത്ത് | തുക |
|---|---|---|---|
| 2016-17 | പയ്യങ്ങാനം കോളനി റോഡ് ടാറിംഗ് | കുറ്റിക്കോൽ | 1330000 |
| 2017-18 | ഒറ്റമാവുങ്കാൽ-പുളുവിഞ്ചി കോളനി റോഡ് ടാറിംഗ് | കുറ്റിക്കോൽ | 5346583 |
| | പാണ്ടിക്കണ്ടം കോളനി റോഡ് ടാറിംഗ് | ബേഡഡുക്ക | 1100000 |
| | ബേത്തൂർപ്പാറ -കല്ലാട്ട് കോളനി റോഡ് ടാറിംഗ് | കുറ്റിക്കോൽ | 1486000 |
| | ഒറ്റമാവുങ്കാൽ- മുണ്ടത്ത് കയ കോളനി റോഡ് ടാറിംഗ് | കുറ്റിക്കോൽ | 2058514 |
| 2018-19 | കരിവേടകം - പള്ളക്കാട്- ചുഴിപ്പ് | കുറ്റിക്കോൽ | 4200000 |
| | ബാബയ്യമൂല കോളനി റോഡ് കോൺക്രീറ്റ് | ദേലംപാടി | 2000000 |
| | കളക്കര - കിഴക്കേത്തൊട്ടി റോഡ് ടാറിംഗ് | കുറ്റിക്കോൽ | 1100000 |

| | | | |
|---|---|---|---|
| (ബി) | അനുവദിച്ച തുക അതാത് പഞ്ചായത്തുകൾക്ക് കൈമാറി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) | മേൽ പറഞ്ഞ റോഡ് പ്രവൃത്തികളിൽ 2018-19 വർഷം ഭരണാനുമതി നൽകിയ പദ്ധതികൾ ഒഴികെ മറ്റെല്ലാ പ്രവർത്തികളുടെയും തുക നിർവ്വഹണ ഏജൻസിയായ ഗ്രാമപഞ്ചായത്തിന് കൈമാറിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| **(സി)** | ഭരണാനുമതി പുറപ്പെടുവിച്ചിട്ടും തുക പഞ്ചായത്തുകൾക്ക് നൽകാത്തത് കാരണം പ്രവൃത്തി ടെണ്ടർ ചെയ്യാൻ സാധിക്കാത്ത വിഷയം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ? | **(സി) യും (ഡി) യും** | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചുവടെ ചേർത്തിരിക്കുന്ന 3 റോഡുകൾക്ക് 2018-19 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി അനുവദിച്ചിരുന്നുവെങ്കിലും തനത് വർഷം പ്രളയക്കെടുതി മൂലം പ്ലാൻകട്ട് വന്നതിനാൽ കോർപ്പസ് ഫണ്ടിൽ നിന്നും 20% തുകയായ 1100 ലക്ഷം രൂപ പ്ലാൻകട്ട് ചെയ്തിരുന്നു. കൂടാതെ പ്രളയക്കെടുതിയിൽ നാശനഷ്ടങ്ങൾ സംഭവിച്ച കുടുംബങ്ങൾക്ക് അടിയന്തിര ധനസഹായമായി 10,000/- രൂപ വീതം പ്രസ്തുത ഫണ്ടിൽ നിന്ന് അനുവദിച്ച് നൽകിയിരുന്നു. ആയതിനാൽ പ്രസ്തുത പദ്ധതികൾക്ക് തുക അനുവദിച്ചിരുന്നില്ല. |
| **(ഡി)** | എങ്കിൽ അനുവദിച്ച തുക പഞ്ചായത്തുകൾക്ക് നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; <br> വിശദാംശങ്ങൾ അറിയിക്കാമോ? | | (1) കരിവേടകം-പള്ളക്കാട്-ചുഴിപ്പ് - കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് <br> (2) ബാബയ്യമൂല കോളനി റോഡ് കോൺക്രീറ്റ് - ദേലംപാടി ഗ്രാമ പഞ്ചായത്ത് <br> (3) കളക്കര - കിഴക്കേത്തൊട്ടി റോഡ് ടാറിംഗ് - കുറ്റിക്കോൽ ഗ്രാമ പഞ്ചായത്ത് <br> 2018-19 സാമ്പത്തിക വർഷം പൂർത്തീകരിക്കേണ്ടിയിരുന്ന ടി പ്രവർത്തികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് കാലാവധി നീട്ടി നൽകുന്ന വിഷയം പരിശോധിച്ച് വരികയാണ്. |

സെക്ഷൻ ഓഫീസർ